'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ്-എഞ്ചിനീയറിംഗ് വിഭാഗം-ജീവനക്കാര്യം-തദ്ദേശ സ്വയംഭരണവകുപ്പിൽ ക്ലർക്ക് ആയ ശ്രീ. സജു പി. പി. -ക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്**

**സ.ഉ.(സാധാ) നം.2568/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/11/2019

---

പരാമർശം:- 1. ശ്രീ. സജു പി. പി. സമർപ്പിച്ച 15.12.2017 ലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.11.2018, 05.09.2019ലെ ഇ17-330/18/സി.ഇ/തസ്വഭവ നമ്പർ കത്ത്.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.10.2018 ലെ MR5-12279/2018/ആ.വ.ഡ. നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ മൂന്നാർ/ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് ആയ ശ്രീ.സജു പി.പി. , ടിയാന്റെ പിതാവിന് കൊച്ചി ലിസി ഹോസ്പിറ്റലിൽ 22.10.2017 മുതൽ 28.11.2017 വരെയുള്ള ചികിത്സയ്ക്ക് ചിലവായ ₹2,48,921/ - (രണ്ട് ലക്ഷത്തി നാല്പത്തി എണ്ണായിരത്തി തൊള്ളായിരത്തി ഇരുപത്തി ഒന്ന് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരാമർശം:2 പ്രകാരം തദ്ദേശ സ്വയംഭരണ ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ. സജു പി. പി. യുടെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക ₹ 1,07,126/- (ഒരു ലക്ഷത്തി ഏഴായിരത്തി നൂറ്റി ഇരുപത്തിയാറ് രൂപ മാത്രം) ആണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് സൂചന 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഇടുക്കി ജില്ലയിലെ മൂന്നാർ/ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് ആയ ശ്രീ. സജു പി. പി. യുടെ പിതാവിന് കൊച്ചി ലിസി ഹോസ്പിറ്റലിൽ 22.10.2017 മുതൽ 25.10.2017 വരെയും 19.11.2017 മുതൽ 28.11.2017 വരെയും ചിലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ ₹ 85,701/ - (എൺ പത്തി അയ്യായിരത്തി എഴുന്നൂറ്റി ഒന്ന് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക 2515-00-001-92-01" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗോപകുമാർ യു**
**അണ്ടർ സെക്രട്ടറി**

**File No.LSGD-EW3/853/2018-LSGD**

1. ശ്രീ. സജു പി. പി., ക്ലർക്ക് (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (06-06-2019ലെ 1140965/L3/151/2019-Fin നമ്പർ കുറിപ്പ് പ്രകാരം)
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ